പത്രക്കുറിപ്പ്

# യുവതിയെ പീഡിപ്പിച്ച പ്രതി പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 289 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വീട്ടു ജോലിക്കായി വന്ന യുവതിയെ ലൈംഗികമായി പീഡിപ്പിച്ച എഴുപതുകാരനെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ആനയറ ആർടെക് ദീപം ഫ്ലാറ്റിൽ സ്റ്റെല്ലസ് ഫെർണാണ്ടസ് (70) നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.



പേട്ട പോലീസ് അറസ്റ്റ് ചെയ്ത സ്റ്റെല്ലസ് ഫെർണാണ്ടസ് (70)

വ്യാഴാഴ്ചയാണ് യുവതിയ്ക്കു നേരെ അതിക്രമം നടന്നത്. വീട്ടിൽ ക്ലീനിംഗ് ജോലിക്കെന്നു പറഞ്ഞ് യുവതിയെ പ്രതി ആട്ടോയിൽ കയറ്റി പ്രതിയുടെ ഫ്ലാറ്റിൽ കൊണ്ടുവന്ന ശേഷം ബലാൽക്കാരമായി ലൈംഗിക പീഡനത്തിന് വിധേയ മാക്കുകയായിരുന്നു. യുവതിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ രതീഷ്, സി.പി. ഒമാരായ ഉദയൻ, ഷമി എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന

# വിലക്ക് ലംഘനം: 289 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം :- കോവിഡ്-19 സുരക്ഷാ പരിശോധനയുടെ ഭാഗമായി ഇന്നലെ (16-07-2021) നാല് മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 289 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 62 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 172 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 10 പേരിൽ നിന്നുമായി 91,000/- രൂപ പിഴ ഈടാക്കി. കൂടാതെ 35 ഇരുചക്രവാഹനങ്ങളും 3 ഓട്ടോറിക്ഷയും 5 കാറും 2 ലോറിയും ഉൾപ്പെടെ അനാവശ്യ യാത്ര നടത്തിയ 45 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 2507 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
16-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി